**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 285** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വിഷബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധമൂലം ആളുകൾ മരിക്കുന്നത് അനുദിനം വാർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭക്ഷ്യ വിഷബാധ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന Routine പരിശോധനകൾക്കു പുറമെ സ്പെഷ്യൽ ഡ്രൈവുകൾ, ലഭ്യമാകുന്ന പരാതിയിന്മേലുള്ള പരിശോധന, ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിനായുള്ള സാമ്പിൾ ശേഖരണം, പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് എതിരെ നിയമം അനുശാസിയ്ക്കുന്ന Compounding, Prosecution, Adjudication നടപടികൾ എന്നിവ സ്വീകരിച്ച് വരുന്നു. കൂടാതെ ഭക്ഷ്യ വിഷബാധ, ഭക്ഷ്യജന്യ രോഗങ്ങൾ, ജലജന്യ രോഗങ്ങൾ, മഴക്കാല രോഗങ്ങൾ എന്നിവ തടയുന്നതിനും ആരോഗ്യവും സുരക്ഷയും ഉറപ്പു വരുത്തുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് വിവിധ തരത്തിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തി വരുന്നു. വിവിധ മേഖലകളിലുള്ള ഭക്ഷ്യ സംരംഭകർക്ക് FSSAI (Food Safety and Standards Authority of India) നിർദ്ദേശിച്ചിരിയ്ക്കുന്നത് അനുസരിച്ച് FoSTaC പരിശീലനം നൽകി വരുന്നു. കുടുംബശ്രീ പ്രവർത്തകർ, സ്കൂൾ ഉച്ചഭക്ഷണ പാചകത്തിലേർപ്പെട്ടിരിയ്ക്കുന്നവർ, ICDC ജീവനക്കാർ, വീട്ടമ്മമാർ, കുട്ടികൾ, ഭക്ഷ്യ വ്യാപാരികൾ എന്നീ വ്യത്യസ്ത മേഖലകളിൽ ഉള്ള ജനങ്ങൾക്ക് safe food practice, Good hygiene practice, Good manufacturing practice എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം നടത്തി വരുന്നു. Facebook, Youtube, Instagram എന്നീ ഓൺലൈൻ മാധ്യമങ്ങളിലൂടേയും വകുപ്പ് പൊതുജനങ്ങൾക്കും, ഭക്ഷ്യ സംരംഭകർക്കുമുള്ള ബോധവൽക്കരണം നടത്തി വരുന്നു.<br><br>ഭക്ഷ്യ സുരക്ഷയ്ക്ക് വെല്ലുവിളിയാകുന്ന അപ്രതീക്ഷിത ഭക്ഷ്യ വിഷബാധ, ഭക്ഷ്യജന്യ രോഗങ്ങൾ തുടങ്ങിയവ പ്രതിരോധിയ്ക്കുവാൻ എൻഫോഴ്സ്മെന്റ് തലത്തിൽ |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ ഡ്രൈവുകൾ നടത്തുന്നതോടൊപ്പം തന്നെ പരിശോധനയിൽ വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കോമ്പൗണ്ടിംഗ് നടപടികളും, ഗുരുതര വീഴ്ചകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | ഭക്ഷ്യ വിഷബാധമൂലം ആളുകൾ മരണപ്പെട്ടാൽ ഉത്തരവാദികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (ബി) | ഭക്ഷ്യ വിഷബാധമൂലം മരണം സംഭവിച്ചാൽ ഭക്ഷ്യ വിഷബാധ ഉണ്ടാകാൻ കാരണമായ സ്ഥാപനങ്ങൾക്കെതിരെ **2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലെ നിയമം അപര്യാപ്തമാണെങ്കിൽ പുതിയ നിയമം നടപ്പിലാക്കി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | **2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ഒരു കേന്ദ്ര നിയമം ആണ്. അതിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട നിയമവശങ്ങൾ എല്ലാം തന്നെ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ